ഭരണഭാഷ മാതൃഭാഷ

ഇ 1/21739/2016/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 20/02/2018

# സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം - എയ്ഡഡ് കോളേജുകൾ - അനദ്ധ്യാപക വിഭാഗം - തപാലുകൾ എത്തിക്കുന്നതിനും സേവന പുസ്തകങ്ങൾ കൈപ്പറ്റുന്നതിനും ഓഫീസ് അറ്റൻഡന്റുമാരെ നിയോഗിക്കുന്നത് - സംബന്ധിച്ച്.

*******

കേരളത്തിലെ എയ്ഡഡ് കോളേജുകളിൽ നിന്നും ഈ കാര്യാലയത്തിലേക്ക് തപാലുകൾ എത്തിക്കുന്നതിനും സേവനപുസ്തകങ്ങൾ കൈപ്പറ്റുന്നതിനും പ്രിൻസിപ്പാൾമാർ ഓഫീസ് അറ്റൻഡന്റുമാർ അല്ലാത്ത ജീവനക്കാരെയും അദ്ധ്യാപകരെയും കോളേജ് പ്രവൃത്തി ദിനങ്ങളിൽ നിയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യങ്ങൾ കോളേജ് ഓഫീസിന്റെ പ്രവർത്തനങ്ങളെയും അദ്ധ്യാപകരെ നിയോഗിക്കുന്നത് അദ്ധ്യയനത്തെയും പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഇത്തരം പ്രവണതകൾ ഒഴിവാക്കുന്നതിനുള്ള കർശന നിർദ്ദേശം എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാർക്ക് നൽകേണ്ടതാകുന്നു. കൂടാതെ ജീവനക്കാരെ നിയോഗിക്കുമ്പോൾ ചുവടെ ചേർക്കുന്ന കാര്യങ്ങൾ പാലിക്കുന്നതിനുള്ള നിർദ്ദേശവും നൽകേണ്ടതാകുന്നു.

1. സാധാരണ തപാലുകൾ സാധാരണ തപാൽ മുഖേനയും സേവന പുസ്തകങ്ങൾ/ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷകൾ എന്നിവ രജിസ്റ്റേർഡ് തപാൽ മുഖേനയും അയയ്ക്കുന്നതിന് ശ്രദ്ധിക്കുക.

2. ഒഴിവാക്കാൻ പറ്റാത്ത സാഹചര്യത്തിൽ മാത്രം തപാൽ/സേവനപുസ്തകം എന്നിവ ഈ കാര്യാലയത്തിൽ എത്തിക്കുന്നതിനും ഈ കാര്യാലയത്തിൽ നിന്ന് കൈപ്പറ്റുന്നതിനും ഓഫീസ് അറ്റൻഡന്റുമാരെ മാത്രം നിയോഗിക്കുക.

3. നിയോഗിക്കപ്പെടുന്ന ജീവനക്കാരന് അതറൈസേഷൻ ലെറ്റർ നൽകേണ്ടതും ടിയാന്റെ ഒപ്പ് പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തേണ്ടതുമാകുന്നു.

4. ഓഫീസ് അറ്റൻഡന്റുമാർ അല്ലാത്ത ജീവനക്കാരെ നിയോഗിക്കുന്ന പക്ഷം അന്നേ ദിവസത്തേക്ക് മുൻകൂറായി ലീവ് അനുവദിച്ച് ഉത്തരവും നൽകേണ്ടതാകുന്നു.

5. കോളേജിലെ സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള ജീവനക്കാരെ യാതൊരു കാരണവശാലും മാനേജരുടെ ഓഫീസിലെ ജോലികൾക്കായി നിയോഗിക്കരുതെന്നും അറിയിക്കേണ്ടതാണ്.

ഒപ്പ്/-
ഡോ. ഡി.കെ. സതീഷ്
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:-

1. ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, കൊല്ലം
(ബന്ധപ്പെട്ട എല്ലാ എയ്ഡഡ് കോളേജ് മാനേജർമാരെയും പ്രിൻസിപ്പാൾമാരെയും അറിയിക്കേണ്ടതാകുന്നു)
2. ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, കോട്ടയം
(ബന്ധപ്പെട്ട എല്ലാ എയ്ഡഡ് കോളേജ് മാനേജർമാരെയും പ്രിൻസിപ്പാൾമാരെയും അറിയിക്കേണ്ടതാകുന്നു)
3. ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, എറണാകുളം
(ബന്ധപ്പെട്ട എല്ലാ എയ്ഡഡ് കോളേജ് മാനേജർമാരെയും പ്രിൻസിപ്പാൾമാരെയും അറിയിക്കേണ്ടതാകുന്നു)
4. ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തൃശ്ശൂർ
(ബന്ധപ്പെട്ട എല്ലാ എയ്ഡഡ് കോളേജ് മാനേജർമാരെയും പ്രിൻസിപ്പാൾമാരെയും അറിയിക്കേണ്ടതാകുന്നു)
5. ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, കോഴിക്കോട്
(ബന്ധപ്പെട്ട എല്ലാ എയ്ഡഡ് കോളേജ് മാനേജർമാരെയും പ്രിൻസിപ്പാൾമാരെയും അറിയിക്കേണ്ടതാകുന്നു)
6. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വൈ.ടി. 21/2/18